LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പട്ടികയിലെ പട്ടികവർഗ്ഗ വിഭാഗക്കാർ

255 (3410) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹജ്ജ്വഖഫുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ പ്രാവശ്യത്തെ മെഡിക്കൽ - എഞ്ചിനീയറിംഗ് പ്രവേശന പട്ടികയിൽ മെരിറ്റ് അടിസ്ഥാനത്തിൽ എത്ര പട്ടികവർഗ്ഗ വിഭാഗക്കാർ യോഗ്യത നേടിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യം കുറയാൻ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇവരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എം.ബി.ബി.എസ്./ബി.ഡി.എസ്.-ന് ആകെ 36 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യത നേടിയിട്ടുണ്ട്. ഇവരിൽ 19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷയിൽ 50%-ന് മുകളിൽ മാർക്ക് നേടിയിട്ടുണ്ട്. മറ്റ് മെഡിക്കൽ കോഴ്സുകൾക്ക് 582 പട്ടികവർഗ്ഗ വിദ്യാർത്ഥികളും എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് 169 വിദ്യാർത്ഥികളും യോഗ്യത നേടിയിട്ടുണ്ട്.

(ബി) ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിലനിന്നിരുന്ന സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയാണ് മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പ്രവേശന പട്ടികയിൽ ടി വിഭാഗങ്ങളുടെ പ്രാതിനിധ്യം കുറയുവാൻ കാരണം.

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ മുൻനിരയിൽ നിൽക്കുന്ന എൻട്രൻസ് പരിശീലന കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന മിടുക്കരായ 80 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വീതം എല്ലാ വർഷവും ബി.ടെക്, എം.ബി.ബി.എസ്., ബി.ഡി.എസ്. മറ്റ് അനുബന്ധ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനായി 10 മാസം നിലനിൽക്കുന്ന പരിശീലന ക്ലാസ്സുകളിൽ പങ്കെടുപ്പിച്ച് എൻട്രൻസ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിന് പ്രാപ്തമാക്കുന്നുണ്ട്. ഇതിനു പുറമെ എല്ലാ വർഷവും എൻട്രൻസ് പരീക്ഷയ്ക്ക് മുന്നോടിയായി

ഒരു മാസം നീണ്ടുനിൽക്കുന്ന crash കോഴ്സും ടി സ്ഥാപനങ്ങളിൽ വച്ച് സർക്കാരിന്റെ മേൽനോട്ടത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്നുണ്ട്.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഹാംലെറ്റ് പദ്ധതി

256 (3411) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായിക്കുവകുപ്പും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളെയാണ് ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളനികളിൽ എന്തെല്ലാം പ്രവൃത്തികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തികളുടെയും ഇനം തിരിച്ചുള്ള വിശദാംശവും ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം കോട്ടത്തറ പഞ്ചായത്തിലെ കല്ലൂരൊട്ടംകുന്ന്, കരിങ്കുറ്റി കുറിച്യ, പണിയ കോളനികൾ അടങ്ങിയ ക്ലസ്റ്ററും 2015-16 സാമ്പത്തിക വർഷം കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിലെ കാവടം, ആവറയൽ പണിയ കോളനികൾ അടങ്ങിയ ക്ലസ്റ്റർ എന്നി കോളനികളെയുമാണ് കല്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) റോഡ് നിർമ്മാണം, കുളിക് നിർമ്മാണം, വീട് പുനരുദ്ധാരണം, റോഡ് സൈഡ് കെട്ടി മണ്ണിട്ട് ഇന്റർലോക്ക് ചെയ്യൽ എന്നിവ 2014-15 -ൽ ആരംഭിച്ചിട്ടുണ്ട്. 2015-16 -ൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി

257 (3413) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. ബാലകൃഷ്ണൻ :
ശ്രീ. പന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായിക്കുവകുപ്പും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly